കേരള പബ്ലിക് സർവീസ് കമ്മിഷൻ
ജില്ലാ ആഫീസ്: കൊല്ലം.

എസ്.എൽ.നമ്പർ.11/09/ഡി.ഒ.ക്യൂ. കൊല്ലം,
കാറ്റഗറി നമ്പർ : 33/2007. തീയതി: 31.07.2009.

***വിജ്ഞാപനം***

14.02.07 ലെ ഗസറ്റ് വിജ്ഞാപന പ്രകാരം കൊല്ലം ജില്ലയിലെ വിവിധ വകുപ്പുകളിൽ 3050 - 5230 രൂപ(പി.ആർ) ശമ്പള നിരക്കിൽ ഡ്രൈവർ ഗ്രേഡ് 2 (എൽ.ഡി.വി.) (തസ്തികമാറ്റം മുഖേനയുള്ള നിയമനം) തസ്തികയിലേയ്ക്കുള്ള (കാറ്റഗറി നമ്പർ 33/07) തെരഞ്ഞെടുപ്പിനായി 17.05.2008 ൽ നടത്തിയ ഉദ്ദേശ്യാധിഷ്ഠിത പരീക്ഷയുടെ (ഒ.എം.ആർ മൂല്യനിർണ്ണയം) അടിസ്ഥാനത്തിൽ പ്രായോഗിക പരീക്ഷയിൽ പങ്കെടുക്കുവാൻ സോപാധികമായി അർഹരായ ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ ചുവടെ ചേർത്തിരിക്കുന്നു. രജി.നമ്പരുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

ഇതൊരു ഏകീകൃത ചുരുക്ക പട്ടികയാണ് (Unified short list) അതിനാൽ മുഖ്യപട്ടികയും ഉപപട്ടികകളും വേർതിരിച്ചിട്ടില്ല.

രജിസ്റ്റർ നമ്പരുകൾക്ക് മുമ്പായി കൊല്ലം ജില്ലയെ സൂചിപ്പിക്കുന്ന 'ക്യൂ' എന്ന് ചേർത്ത് വായിക്കേണ്ടതാണ്

<u>സംയോജിത ചുരുക്കപ്പട്ടിക</u>

| | | | |
|---|---|---|---|
| 200002 | 200003 | 200004 | 200006 |
| 200007 | 200008 | 200010 | 200012 |
| 200017 | 200020 | 200022 | 200025 |

**കുറിപ്പ്:-** 1. അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായിട്ടാണ് രജിസ്റ്റർ നമ്പരുകൾ ഈ പട്ടികയിൽ ഉൾക്കൊളളിച്ചിരിക്കുന്നത്. ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരവകാശവും ഉദ്യോഗാർത്ഥിക്ക് പ്രദാനം ചെയ്യുന്നില്ല.

2. അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുളള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുളളത്. അതിനുശേഷമുളള അവകാശവാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

3. ചുരുക്കപ്പട്ടികയിൽ രജി.നമ്പരുകൾ ഉൾപ്പെട്ടിട്ടുളള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന യോഗ്യത, ജനനത്തീയതി, ജാതി (നോൺ ക്രിമിലെയർ / ജാതി സർട്ടിഫിക്കറ്റ്) മുതലായവ തെളിയിക്കുന്നതിന് ആവശ്യമായ പ്രമാണങ്ങളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും സർട്ടിഫിക്കറ്റ് പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്

4. കേന്ദ്ര / സംസ്ഥാന സർക്കാർ സർവ്വീസിലുളള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പായി ആഫീസ് മേധാവിയിൽ നിന്നോ വകുപ്പ് മേധാവിയിൽനിന്നോ ലഭിച്ച രസീത് അല്ലെങ്കിൽ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിന്റെ അസ്സൽ (ഗസറ്റ് വിജ്ഞാപനത്തിലെ പാതു വ്യവസ്ഥ 20 പ്രകാരമുളളത്) ഹാജരാക്കേണ്ടതാണ്. കൂടാതെ ആഫീസ് മേലധികാരിയിൽ നിന്നും വാങ്ങിയ സർവ്വീസ് സർട്ടിഫിക്കറ്റു ഹാജരാക്കേണ്ടതാണ്

5. സർട്ടിഫിക്കറ്റ് പരിശോധന, പ്രായോഗിക പരീക്ഷ എന്നിവ നടത്തുന്ന തീയതി, സ്ഥലം, സമയം എന്നിവ വ്യക്തിഗത മെമ്മോ മുഖേന ഉദ്യോഗാർത്ഥികളെ അറിയിക്കുന്നതാണ്.

6. 22.04.2008 തീയതിയിലെ ER VII (2) 3544/08/Driver Gr.II (LDV) നമ്പർ വിജ്ഞാപനപ്രകാരം അസാധുവാക്കപ്പെട്ട ഉത്തരക്കടലാസിന്റെ രജി.നമ്പർ ചുരുക്കപ്പട്ടികയ്ക്കായി പരിഗണിച്ചിട്ടില്ല.

7. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസു
കളുടെ പുന:പരിശോധന നടത്തുന്നതല്ല

ജില്ലാ ആഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ആഫീസ്: കൊല്ലം

വിതരണാനുമതി നൽകുന്നു,

സെക്ഷൻ ആഫീസർ

Bi